8.	തൃശ്ശൂർ	3
9.	പാലക്കാട്	ഇല്ല
10.	മലപ്പുറം	3
11.	കോഴിക്കോട്	16
12.	വയനാട്	8
13.	കണ്ണൂർ	ഇല്ല
14.	കാസർഗോഡ്	33

(ബി) കോഴിക്കോട് ജില്ലയിൽനിന്ന് 5040 രൂപയും വയനാട് ജില്ലയിൽ നിന്ന് 2120 രൂപയും ഖജനാവിൽ അടച്ചിട്ടുണ്ട്.

(സി) പൊതുജനാരോഗ്യ സംബന്ധമായ പരാതികൾ ലഭിച്ചാൽ പരാതിയുടെ പ്രാധാന്യമനുസരിച്ച് ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ഡി.എം.ഒ., ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ സ്ഥലം സന്ദർശിച്ച് മേൽ നടപടികൾ സ്വീകരിക്കാറുണ്ട്. പരാതി ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും തേടാറുണ്ട്.

(ഡി) കോളറ, ഡെങ്കിപ്പനി, എലിപ്പനി എന്നിവയ്ക്കെതിരെ ജില്ലകളിലാകമാനം ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. ആരോഗ്യ വകുപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം ഇതിനായി തേടാറുണ്ട്. കൂടാതെ പി.എച്ച്.സി. തലത്തിൽ ഹോട്ടലുകൾ, മത്സ്യ-മാംസ മാർക്കറ്റുകൾ, ശീതളപാനീയ നിർമ്മാണ-വിപണകേന്ദ്രങ്ങൾ എന്നിവയിൽ ക്രമമായ പരിശോധനകളും, പരാതിലഭിക്കുന്നതനുസരിച്ചുള്ള പരിശോധനകളും നടത്തി നടപടി കൈക്കൊള്ളാറുണ്ട്.

(ഇ) നിലവിൽ ഡി.എം.ഒ., ഡെപ്യൂട്ടി ഡി.എം.ഒ., ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ നേതൃത്വത്തിൽ പി. എച്ച്. സി. ബ്ലോക്ക് പി.എച്ച്.സി. ജില്ലാ തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി കേസ്സുകൾ വിലയിരുത്താറുണ്ട്.

ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ച് മരിച്ചവർ

172 (2219) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലുള്ള ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിൽ 1-1-2003 മുതൽ ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ച് എത്ര പേരെ കിടത്തി ചികിത്സിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്രപേർ മരണപ്പെട്ടു ;

(സി) തിരുവനന്തപുരം സിറ്റിയിലുള്ള പ്രൈവറ്റ് ആശുപത്രികളിൽ ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ച എത്രപേരെ ഈ കാലയളവിൽ പ്രവേശിപ്പിച്ചു ;

(ഡി) അതിൽ എത്രപേർ മരിച്ചു ;

(ഇ) ഗവൺമെന്റ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മരണനിരക്ക് പ്രൈവറ്റ് ആശുപത്രിയിലെ മരണനിരക്കിനെക്കാൾ കൂടുതലോ കുറവോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി)

ആശുപത്രി	ഡെങ്കിപ്പനി	എലിപ്പനി	മരിച്ചവർ
മെഡിക്കൽ കോളേജ്	15	6	2
എസ്.എ.റ്റി	104	1	5
ജനറൽ ആശുപത്രി തിരുവനന്തപുരം	2	1	-
സി.എച്ച്.സി.(C.H.C) വെള്ളനാട്	3	1	-

(സി) ലഭ്യമായ കണക്കുകളനുസരിച്ച് തിരുവനന്തപുരം സിറ്റിയിലെ പ്രൈവറ്റ് ആശുപത്രികളിൽ ഡെങ്കിപ്പനി ബാധിച്ച് 17 പേരെ പ്രവേശിപ്പിച്ചിട്ടുണ്ട്. എലിപ്പനി ബാധിച്ച കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഗവൺമെന്റ് ആശുപത്രികളിലെ മരണനിരക്ക് കൂടുതലായി കാണപ്പെടുന്നുണ്ട്.

ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും

173 (2223) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട് ;

(ബി) ഇക്കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര ആയുർവേദ ആശുപത്രികളും പുതിയ ആയുർവേദ ഡിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും തുടങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly